കേരളാ സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

വിളയൂർ ഗ്രാമപഞ്ചായത്ത്

2016-17 വർഷത്തെ

ഓഡിറ്റ് റിപ്പോർട്ട്

കേരളാ സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ കാര്യാലയം, പാലക്കാട്

email- dopkd.ksad@kerala.gov.in

(രജിസ്റ്റേർഡ് ചെയ്ത് കൈപ്പറ്റ് ചീട്ട് സഹിതം)

നം.കെ.എസ്.എ)-പികെഡി13/1591/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ കാര്യാലയം

പാലക്കാട്, തീയതി-11.09.2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

വിളയൂർ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : വിളയൂർ ഗ്രാമപഞ്ചായത്ത് 2016-17സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വിളയൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1. കേരളാ സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്
3. കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.-പ.കെഡ്.13/1591/2017 തിയതി.-11.09.2019

പാലക്കാട് ജില്ലയിലെ വിളയൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ വിളയൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 1-11-2016 മുതൽ 17-7-2017 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ആകെ 4 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 2 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരളാ സ്റ്റേറ്റ് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : ശ്രീ.എസ്.സുനിൽദാസ്

ഡെപ്യൂട്ടി ഡയറക്ടർ

ഓഡിറ്റിന് വിനിയോഗിച്ച സമയം : 18-7-2017 മുതൽ 26-7-2017 വരെ

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ	ശ്രീ.കെ.ആർ.പ്രകാശ് ബാബു	ഓഡിറ്റ് ഓഫീസർ
	ശ്രീ.വി.ഉണ്ണികൃഷ്ണൻ	അസി.ഓഡിറ്റ് ഓഫീസർ
	ശ്രീ.കെ.പി.മുഹമ്മദ് ഫാറൂക്ക്	അസി.ഓഡിറ്റ് ഓഫീസർ
	ശ്രീ.എ.ബി.സുരേഷ്	അസി.ഓഡിറ്റ് ഓഫീസർ

(ബി)നിർവ്വഹണാധികാരികൾ

പ്രസിഡന്റ്

പേര്	കാലയളവ്
ശ്രീ.കെ.മുരളീധരൻ	1-04-2016 മുതൽ 31-03-2017 വരെ

സെക്രട്ടറി :

പേര്	കാലയളവ്
ശ്രീ.മാത്യു കെ ഡാനിയേൽ	1-4-16 മുതൽ 15-7-16 വരെ
ശ്ര.ഡ.ബി.ഹരിലാൽ (അസി.സെക്രട്ടറി ഇൻ ചാർജ്)	16-7-16 മുതൽ 2-8-16 വരെ
ശ്രീ.പി.സുരേഷ് ബാബു	3-8-16 മുതൽ 31.3.17 വരെ

നിർവ്വഹണ ഉദ്യോഗസ്ഥർ

ഉദ്യോഗപ്പേര്	പേര്	കാലയളവ്
അസി. എഞ്ചിനീയർ	ശ്രീമതി.ശാലിനി ബാലകൃഷ്ണൻ	1-4-16 മുതൽ 2.6.2016 വരെ
	ശ്രീമതി.ധന്യാ രവി	3.6.16 മുതൽ 31-3-2017 വരെ
കൃഷി ഓഫീസർ	ശ്രീമതി.സിന്ധു വി.പി	1-4-2015 മുതൽ 31-3-2017 വരെ
ICDS സൂപ്പർവൈസർ	പി.എ .ഷഹന	1-4-2016 മുതൽ 31-3-2017 വരെ
വി.ഇ.ഒ.	ബി.രതീഷ് ബാബു	*1-4-2016 മുതൽ 31-3-2017 വരെ*
മെഡിക്കൽ ഓഫീസർ (PHC)	ഡോ.ഐ.മൊയ്തീൻ	*1-4-2016 മുതൽ 31-3-2017 വരെ*
മെഡിക്കൽ ഓഫീസർ (ആയുർവേദം)	ഡോ.കെ.എസ്.നീത	*1-4-2016 മുതൽ 31-3-2017 വരെ*
വെറ്ററിനറി സർജൻ	ഡോ.അക്സ.പി തോമസ്	*1-4-2016 മുതൽ 6-10-2016 വരെ*
	ഡോ.പൊൻമുരുകൻ	*7-10-2016 മുതൽ 31-3-2017 വരെ*
ഹെഡ്മ് മിസ്ട്രസ്	ശ്രീമതി.യു.ബി.സഫിയ	*1-4-2016 മുതൽ 7-6-2016 വരെ*
	ശ്രീമതി.കെ.സരസ്വതി	*8-6-2016 മുതൽ 31-3-2017 വരെ*
അസി.സെക്രട്ടറി	ഡി.ബി.ഹരിലാൽ	*1-4-2016 മുതൽ 31-3-2017 വരെ*

ഭാഗം -1
പൊതു അവലോകനം
പൊതു അവലോകനം

1-1 ബജറ്റ്

ഓഡിറ്റ് കാലയളവിൽ ബജറ്റ് തയ്യാറാക്കിയതിന്റെയും അംഗീകരിച്ചതിന്റെയും വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

വർഷം	അംഗീകരിച്ച തിയ്യതി/തീരുമാനം	സപ്ലിമെന്ററി ബജറ്റ് പാസ്സാക്കിയതിന്റെ വിശദാംശം
2016-17	1/3-3-2016	1/13-3-2017

1-2 വാർഷിക ധനകാര്യപത്രിക

വർഷം	ലഭിക്കേണ്ട തീയതി	ലഭിച്ച തീയതി	അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി	അപാകത പരിഹരിച്ച് ലഭിച്ച തീയതി
2016-17	31-7-2016	14-07-2017	--	--

1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

വർഷം	സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി	സർട്ടിഫിക്കറ്റ് നമ്പർ/തീയതി
2016-17	22-07--2017	അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്

1-4 സാമ്പത്തിക വിശകലനം

വർഷം	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്
2016-17	6696874	29898473	36595347	29585573	7009774

1-5 ഫണ്ട് വിനിയോഗം

ഫണ്ടിനം	മുൻബാക്കി	തൻവർഷ അലോട്ട്മെന്റ്	ആകെ	ചെലവ്	ലാപ്സായ തുക	നീക്കിയിരിപ്പ്	ചെലവു ശതമാനം
വികസനഫണ്ട് പൊതുവിഭാഗം	0	7992699	7992699	6107379	1885320	0	23.58
വികസനഫണ്ട് എസ്.സി.പി.	0	4401630	4401630	2252559	2149071	0	51.17
വികസനഫണ്ട് ടി.എസ്.പി.	0	5604	5604	5604	0	0	100
സംരക്ഷണഗ്രാന്റ് റോഡ്	0	8884377	8884377	2050591	6833786	0	23.08
സംരക്ഷണഗ്രാന്റ് നോൺ റോഡ്	0	25547755	25547755	1298908	24248847	0	5.08
KLSGDP	0	2554755	2554755	148694	2406061	0	5.82
13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ്	0	4482503	4482503	3696228	786275	0	82.45
ജനറൽ പർപ്പസ് ഗ്രാന്റ്	4013902	8276713	12290615	8284632	0	4005983	67.40
MGNREGS	0	17067001	17067001	17067001	0	0	100
ബി ഫണ്ട്	0	35678640	35678640	35678640	0	0	100

1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

സാമ്പത്തിക വർഷം	അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ്	ഭാഗികമായി നടപ്പാക്കിയത് (എണ്ണം)	നടപ്പാക്കാത്തവ (എണ്ണം)	പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം
2016-17	185	40873782	74	17641906	59	52	40

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ- ഒന്നുമില്ല

1-7 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് 2016-17 സാമ്പത്തിക വർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

ഇനം	മുൻവർഷം	തൻവർഷം	വ്യത്യാസം	വർദ്ധനവ് ശതമാനം
നികുതി വരവുകൾ	2282709	3036181	753472	(+)33
നികുതിയേതര വരവുകൾ	220671	237077	16406	(+)7.43
മറ്റുവരവുകൾ	61078	135316	74238	(+)121.55
ആകെ	2564458	3408574	844116	(+)32.91

1-8 ക്ഷേമപദ്ധതികൾ

ഓഡിററ് കാലയളവിൽ ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ക്രമ നം.	പദ്ധതി	2016-17 ൽ ലഭിച്ച അപേക്ഷ കൾ	നിശ്ചിത ദിവസ ത്തിനകം തീരുമാന മെടുത്തവ	നിരസി ച്ചവ	കാല താമസ ത്തിന്റെ കാരണം
1	കർഷക തൊഴിലാളി പെൻഷൻ	---	---	---	---
2	തൊഴിൽ രഹിത വേതനം	6	5	1	---
3	വിധവാ പെൻഷൻ	56	55	1	---
4	വികലാംഗ പെൻഷൻ	16	14	2	---
5	അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ	4	4	---	---
6	വാർദ്ധക്യകാല പെൻഷൻ	423	397	26	---

1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 24-7-2017 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 2242/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

1-10 ആഭ്യന്തര നിയന്ത്രണം

ഡെപ്പോസിറ്റ് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടുണ്ട്. വിവിധ ഡെപ്പോസിറ്റുകളുടെ വർഷം തിരിച്ച കണക്കുകൾ രേഖപ്പെടുത്തിയിട്ടില്ല. കാലഹരണപ്പെട്ട ഡെപ്പോസിറ്റ് തുകകൾ തനത് ഫണ്ടിൽ മുതൽ കൂട്ടുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല. ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. സോഷ്യൽ മോണിറ്ററിംങ് കമ്മിററി രൂപീകരിച്ചിട്ടില്ല. രജിസ്റ്ററിൽ വിശദാംശങ്ങൾ പൂർണ്ണമായും ചേർത്തിട്ടില്ല. പഞ്ചായത്ത് ഫണ്ടിൽ നിന്നുള്ള അസാധാരണ ചെലവുകൾ 2011-ലെ കേരളാ പഞ്ചായത്ത് രാജ് (അസാധാരണ ചെലവുകൾ) ചട്ടങ്ങളിലെ നിബന്ധനകൾ പ്രകാരമല്ല നടത്തുന്നത്. കൂടാതെ ചട്ടം 5 അനുസരിച്ചുള്ള അസാധാരണ ചെലവ് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല. ഗ്രാമപഞ്ചായത്തിലെ ഫ്രണ്ട് ഓഫീസിൽ പൊതുജനങ്ങൾക്ക് ആവശ്യമായ സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്.

1-11 ദുരിതാശ്വാസനിധി

2003-ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസനിധി രൂപീകരണവും വിനയോഗവും) ചട്ടങ്ങളിലെ, ചട്ടം 3 പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്ത് നിവസിക്കുന്നവരുടെ ദുരിതനിവാരണത്തിന് അടിയന്തിര സഹായം നൽകുന്നതിനായി, ഒരു ദുരിതാശ്വാസനിധി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെയും, സെക്രട്ടറിയുടെയും പേരിൽ രൂപീകരിക്കുന്നതിനു നടപടികൾ സ്വീകരിക്കേണ്ടതാണ്

1-12 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

ക്രമ നം	ഓഡിറ്റ്	അവസാനം ഓഡിറ്റ് നടത്തിയ തീയ്യതി	ഓഡിറ്റ് കാലയളവ്	റിപ്പോർട്ട് ലഭിച്ച തീയ്യതി	ഗുരുതരമായ ഓഡിറ്റ് പരാമർശങ്ങൾ
1	പെർഫോമൻസ് ഓഡിറ്റ്	28-6-2017	05/2017	ലഭിച്ചിട്ടില്ല	----
2	അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ്	10-12-2012 മുതൽ 26-12-2012 വരെ	2007-08 മുതൽ 2011-12 വരെ	07-3-13	ഇല്ല

ഭാഗം -2

വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

2-1 വിവിധ വരവിനങ്ങൾ - അപാകതകൾ സംബന്ധിച്ച്

വിളയൂർ ഗ്രാമ പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ഡി ആന്റ് ഒ ലൈസൻസ് ,തൊഴിൽ നികുതി എന്നിവയുമായി ബന്ധപ്പെട്ട അപാകതകൾ പരിഹരിക്കാൻ നടപടി സ്വീകരിക്കണം

1. പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ വ്യാപാര- വ്യവസായപ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നവരിൽ ആകെ 109 പേർ മാത്രമാണ് ഡി.ആന്റ്.ഒ ലൈസൻസെടുത്തിരിക്കുന്നത്. പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ഭൂരിഭാഗം സ്ഥാപനങ്ങളും ചട്ടപ്രകാരമുള്ള ലൈസൻസ് പരിധിയിൽ വന്നിട്ടില്ല. ചട്ടങ്ങളനുസരിച്ച് ഡി ആന്റ് ഒ ലൈസൻസില്ലാതെ ഇത്തരം സ്ഥാപനങ്ങൾ പഞ്ചായത്തിൽ പ്രവർത്തനം നടത്തുന്നത് അനുവദിക്കപ്പെട്ടിട്ടില്ല. പഞ്ചായത്തിൽ പ്രവർത്തിക്കുന്ന വിവിധ തരം സ്ഥാപനങ്ങൾ സംബന്ധിച്ച, വാർഡ് തലത്തിലുള്ള സമഗ്രമായ ഒരു ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. സമഗ്രമായ ഒരു ലിസ്റ്റിന്റെ അഭാവത്തിൽ, പഞ്ചായത്തിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളും ലൈസൻസ് പരിധിയിൽ വന്നിട്ടുണ്ട് എന്നുറപ്പുവരുത്താനാവില്ല.

2. 2016-17 സാമ്പത്തിക വർഷത്തിൽ ആകെ ലൈസൻസെടുത്ത 109 സ്ഥാപനങ്ങളിൽ വെറും 11 സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്ന് മാത്രമാണ് തൊഴിൽ നികുതി ഈടാക്കിയിട്ടുള്ളത്. അതാകട്ടെ , ജീവനക്കാരുടെ എണ്ണം, അവരുടെ അർധ വാർഷിക വരുമാനം എന്നിവ ഉൾപ്പെടെയുള്ള വിശദാംശങ്ങൾ ഉൾക്കൊള്ളുന്ന റിട്ടേണിന്റെ അടിസ്ഥാനത്തിലല്ല താനും. തൊഴിൽ നികുതി ചട്ടങ്ങൾ പ്രകാരമുള്ള റിട്ടേൺ ഫയൽ ചെയ്യാത്തതിനാൽ മുഴുവൻ ജീവനക്കാരും തൊഴിൽ നികുതിയുടെ പരിധിയിൽ വന്നിട്ടുണ്ടെന്നുറപ്പാക്കാനാവുന്നില്ല. ബാക്കി 93 സ്ഥാപനങ്ങളിലെ ജീവനക്കാരുടെ എണ്ണം, തൊഴിൽ, അർധ വർഷ വരുമാനം എന്നിവ സംബന്ധിച്ച കണക്കുകൾ ലഭ്യമാക്കാത്തതിനാൽ വർഷം തോറും പഞ്ചായത്തിന് നിയമാനുസൃതം ലഭിക്കേണ്ട തൊഴിൽ നികുതി നഷ്ടമായിക്കൊണ്ടിരിക്കുന്നു.

3. പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ പ്രവർത്തിക്കുന്ന പാരാ- മെഡിക്കൽ സ്ഥാപനങ്ങൾ, ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ എന്നിവ സംബന്ധിച്ച വിശദാംശങ്ങളൊന്നും തന്നെ

പരിശോധനയ്ക്ക്ഹാജരാക്കിയിട്ടില്ല. ആയതിനാൽ, ഇത്തരം സ്ഥാപനങ്ങൾ നിയമപ്രകാരം രജിസ്റ്റർ ചെയ്താണോ പ്രവർത്തിക്കുന്നതെന്നുറപ്പാക്കാനായിട്ടില്ല.

4. ആകെ 9 കോഴി ഫാമുകളാണ് ലൈസൻസ് പരിധിയിൽ വന്നിട്ടുള്ളത്. പഞ്ചായത്തിൽ പ്രവർത്തിക്കുന്ന കോഴി ഫാമുകളുടെ എണ്ണം സംബന്ധിച്ച് പഞ്ചായത്തിന് ലഭ്യമായ വിവരങ്ങൾ ആധികാരികമല്ല. 9 എണ്ണത്തിലും കൂടുതൽ എണ്ണം ലൈസൻസില്ലാതെയും അനധികൃതമായും പ്രവർത്തിക്കുന്നതായി പ്രാഥമികാന്വേഷണത്തിൽ നിന്നും മനസ്സിലാകുന്നു. കോഴിഫാമുകളുടെ എണ്ണം, ഓരോന്നിന്റെയും ഉൽപ്പാദനക്ഷമത, വിറ്റു വരവ് എന്നിവ സംബന്ധിച്ച വിശദാംശങ്ങളൊന്നും ലഭ്യമല്ല. പ്രവർത്തനക്ഷമമായ ലൈവ് സ്റ്റോക്ക് ഫാമുകളുടെ കൃത്യവും സമഗ്രവുമായ സ്ഥിതി വിവരക്കണക്കുകൾ വാർഡ് തലത്തിൽ ശേഖരിച്ച് രജിസ്റ്റർ ചെയ്യേണ്ടതാണ്. 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 232, കേരള പഞ്ചായത്ത് രാജ്- ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് ചട്ടങ്ങൾ -ചട്ടം 3,4,6,7,എന്നിവ നിഷ്കർഷിക്കുന്ന നടപടി ക്രമങ്ങൾ പാലിക്കുന്നു എന്നും, 232-ാം വകുപ്പ് പ്രകാരം ഇത്തരത്തിലുള്ള മുഴുവൻ സ്ഥാപനങ്ങളും ലൈസൻസിന്റെ പരിധിയിൽ വന്നിട്ടുണ്ട് എന്നും ഉറപ്പു വരുത്തേണ്ടതാണ്.

5. വളം, കീടനാശിനി, കാർഷികോപകരണങ്ങൾ, ഗ്രാനൈറ്റ്, ബോർ-വെൽ കമ്പനി, തുണി ഷോപ്പ്, ജ്വല്ലറി, വർക്ക് ഷോപ്പ്, ടയർ, ട്യൂബ് വിൽപ്പന, കോഴി ഫാം, പെയിന്റ്, ഹാർഡ് വെയർ, സാനിട്ടറി വെയർ, ഫർണ്ണിച്ചർ, മൊബൈൽ ഷോപ്പ് , ബേക്കറി, ഹോട്ടൽ, സോമിൽ, ലാമിനേറ്റഡ് ഫർണ്ണിച്ചർ നിർമാണം, ടൂറിസ്റ്റ് വാഹന ബുക്കിംഗ്, ഓഡിറ്റോറിയം, ഹോളോ ബ്രിക്സ്, ഓയിൽ മിൽ എന്നീ സ്ഥാപനങ്ങൾ പഞ്ചായത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. ഈ സ്ഥാപനങ്ങളിലെ ഒരു ജീവനക്കാരൻ പോലും തൊഴിൽ നികുതി ഒടുക്കുന്നതായി കാണുന്നില്ല.

5. പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ പ്രവർത്തിക്കുന്ന അൺ-എയിഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളെ സംബന്ധിച്ച വിശദാംശങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

മേൽ പറഞ്ഞ വസ്തുതകളുമായി ബന്ധപ്പെട്ട് എന്തെങ്കിലും വിശദീകരണങ്ങളോ, രേഖകളോ ഹാജരാക്കാനുണ്ടെങ്കിൽ ആയവ പരിശോധനയ്ക്ക് ഹാജരാക്കാനാവശ്യപ്പെട്ടു കൊണ്ട് നൽകിയ 3/25-7-17 നമ്പർ ഓഡിറ്റ് അന്വേഷണത്തിന് മറുപടി സമർപ്പിച്ചില്ല.
ആയതിനാൽ ഡി ആന്റ് ഒ ലൈസൻസിന്റെയും അതുമായി ബന്ധപ്പെട്ട തൊഴിൽ നികുതിയുടേയും ഡിമാന്റ് കളക്ഷൻ എന്നിവയുമായി ബന്ധപ്പെട്ട് മുകളിൽ സൂചിപ്പിച്ച അപാകതകൾ പരിഹരിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

2-2 പരസ്യ നികുതി ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കണം

പഞ്ചായത്ത് പ്രദേശത്ത് പ്രദർശിപ്പിച്ചിട്ടുള്ള പരസ്യങ്ങളിൻമേൽ നികുതിപിരിക്കുന്നതിനു കേരളാ പഞ്ചായത്ത് രാജ് നിയമം 209- വകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്തിന് അധികാരമുണ്ട്. പരസ്യ നികുതി പിരിക്കാനുള്ള അവകാശം ലേലം ചെയ്തു നൽകാവുന്നതാണെന്ന് വകുപ്പ് 209 (ഡി) യിൽ പറഞ്ഞിട്ടുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്ത് നാളിതുവരെ പരസ്യനികുതി പിരിക്കുന്നതിനു നടപടി സ്വീകരിച്ചു തുടങ്ങിയിട്ടില്ല. പഞ്ചായത്ത് ഡയറക്ടറുടെ 18-05-2005 ലെ ഉത്തരവ് നമ്പർ സി5-15253/04 പ്രകാരം പരസ്യ നികുതി ഈടാക്കുന്നതിന് ബൈലോ തയ്യാറാക്കി അംഗീകാരം വാങ്ങേണ്ടതാണ്. പഞ്ചായത്ത് ഭരണസമിതി ഇതിനുള്ള നടപടി അടിയന്തിരമായി കൈകൊള്ളേണ്ടതാണ്

2-3 കെട്ടിടനികുതി വാർഷികകണക്കുകൾ സഞ്ചയ സോഫ്ട് വെയറിലെ കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല

വിളയൂർ ഗ്രാമ പഞ്ചായത്തിന്റെ 2016-17വർഷത്തെ കെട്ടിട നികുതി ഗ്രാമ പഞ്ചായത്തിന്റെ തൻവർഷത്തെ വാർഷിക കണക്കുകളിലെ ഇൻകം & എക്സ്പെൻഡീച്ചർ പട്ടിക, റസീപ്റ്റ് &പേമന്റ് പട്ടിക, അസ്സറ്റ് ആൻഡ് ലയബിലിറ്റി പട്ടിക ട്രയൽ ബാലൻസ് എന്നിവയിലെ കണക്കുകൾ സഞ്ചയസോഫ്ട് വെയറിലെ കണക്കുകളുമായി ഒത്തുപോകുന്നില്ല അപാകതകൾ താഴെ ചേർക്കുന്നു.

1. ഇൻകം ആൻഡ് എക്സ്പെൻഡീച്ചർ പട്ടിക 1.1ൽ റെസിഡൻഷ്യൽ, നോൺ റസിഡൻഷ്യൽ കെട്ടിടങ്ങളുടെ കറന്റ്, അരിയർ കെട്ടിട നികുതി ഡിമാൻഡ് ഒരുമിച്ച്

1881715രൂപയാണ് കണക്കാക്കിയിട്ടുള്ളത്.എന്നാൽ സഞ്ചയ കണക്കു പ്രകാരമിത് 3060065 രൂപയാണ് രണ്ടും തമ്മിൽ 1178350 വ്യത്യാസമുണ്ട്.1)

2. റസീപ്റ്റ് ആൻഡ് പേമന്റ് പട്ടിക RP43ൽ റെസിഡൻഷ്യൽ കെട്ടിടങ്ങളുടെ കറന്റ്, കുടിശ്ശികയിനത്തിലാകെ 1647758രൂപയും സഞ്ചയിലിത് 1522244 രൂപയുമാണ് വ്യത്യാസം 125514 (കുറവ്) എന്നാൽ നോൺ റെസിഡൻഷ്യൽ കെട്ടിടങ്ങളുടെ കറന്റ്, അരിയർ ഇനത്തിൽ RP43 ൽ ആകെ 443273 രൂപയാണ് കാണിച്ചിരിക്കുന്നത്. എന്നാൽ സഞ്ചയിലിത് 568787രൂപയാണ്. വ്യത്യാസം 125514രൂപ (കൂടുതൽ). മൊത്തം തുക ശരിയാണ്.
3. ബാലൻസ് ഷീറ്റിലെ B 15 ലെ സൺട്രി ഡെബ്റ്റേർസ് (റിസിവബിൾസ്) എന്നതിൽ റെസിഡൻഷ്യൽ, നോൺ റെസിഡൻഷ്യൽ കെട്ടിടങ്ങളുടെ കെട്ടിട നികുതിയിനത്തിൽ (കറന്റ് 585962+അരിയർ 1413070-സെസ്സ്/ലെവി 95735) ആകെ 1903297.45 കാണിച്ചിട്ടുണ്ട്. എന്നാൽ സഞ്ചയയിലിത് 969034/-രൂപയാണ് വ്യത്യാസം 934263.45 (സഞ്ചയയിൽ കുറവ്)
4. ലെഡ്ജർ ട്രയൽ ബാലൻസിൽ ഗാർഹിക കെട്ടിടങ്ങളുടെ നികുതി 1881715രൂപ CB കാണിച്ചിട്ടുണ്ട്. എന്നാൽ സഞ്ചയയിലിത് 969034രൂപയാണ്.വ്യത്യാസം 912681രൂപ (കുറവ്)

ഭാഗം -3
ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

3-1 മരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പിലെ അപാകതകൾ

2016-17 വർഷങ്ങളിലെ മരാമത്ത് പ്രവൃത്തികളുടെ ഫയലുകളിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. കരാറുകാരുമായും കൺവീനർമാരുമായി ഏർപ്പെടുന്ന കരാറുകളിൽ ആവശ്യമായ വിവരങ്ങൾ രേഖപ്പെടുത്തുകയോ പൂർണ്ണമാക്കുകയോ ചെയ്യുന്നില്ല.
2. മസ്റ്റർ റോളിൽ തൊഴിലാളികൾ ഒപ്പുകൾ രേഖപ്പെടുത്തിയിട്ടില്ല
3. ഗുണഭോക്തൃ സമിതി മുഖേന നടപ്പാക്കുന്ന പ്രവൃത്തികളുടെ കാര്യത്തിൽ ജോയിന്റ് അക്കൌണ്ടിലൂടെ പണമിടപാട് നടത്തണം എന്ന നിബന്ധന പാലിച്ചിട്ടില്ല.
4. പ്രവൃത്തി ആരംഭിക്കുന്ന തിയ്യതി, പൂർത്തിയാക്കേണ്ട തിയ്യതി എന്നിവ രേഖപ്പെടുത്തിയിട്ടില്ല.
5. ടെണ്ടർ രജിസ്റ്ററിൽ ടെണ്ടർ ലഭിച്ച തിയ്യതി, ടെണ്ടർ അംഗീകരിച്ച തീരുമാനം നമ്പർ, ടെണ്ടർ തുറക്കുന്ന സമയം ഹാജരായ കരാറുകാരുടെ ഒപ്പ് എന്നിവ രേഖപ്പെടുത്തില്ല.
6. എഗ്രിമെന്റ് രജിസ്റ്ററിൽ പി.എ.സി, സെക്യൂരിറ്റി തുക, പൂർത്തീകരിക്കേണ്ട തിയ്യതി എന്നിവ രേഖപ്പെടുത്തുന്നില്ല.

3-2 2016-17വർഷത്തിൽ മൃഗ സംരക്ഷണ രംഗത്ത് വൈവിധ്യമാർന്ന പ്രൊജക്ടുകൾ ഒന്നും തന്നെ നടപ്പിലാക്കിയില്ല

പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ ജി.ഒ. (എം.എസ്.) 362/13 ത.സ്വ.ഭ.വ. തീ. 16.11.13 -ൽ -അനുബന്ധം -16 -തദ്ദേശ സ്ഥാപനങ്ങളുടെ പന്ത്രണ്ടാം പദ്ധതി സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച പരിഷ്കരിച്ച മാർഗ്ഗരേഖ – ഖണ്ഡിക 3-2 ൽ മൃഗസംരക്ഷണ രംഗത്ത് നടപ്പാക്കാവുന്ന 14 ഇനം പ്രൊജക്ടുകളെക്കുറിച്ചും അവയുടെ സബ്സിഡി മാനദണ്ഡങ്ങളെക്കുറിച്ചും വിശദമായി പ്രതിപാദിച്ചിട്ടുണ്ട്.

ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള സാധാരണ ജനങ്ങൾക്ക്, അധികം മുതൽ മുടക്കോ, സാങ്കേതിക ജ്ഞാനമോ ആവശ്യമില്ലാതെ തന്നെ ഉപജീവനമാർഗ്ഗത്തിനു വേണ്ടി സ്വീകരിക്കാവുന്ന പദ്ധതികളാണ് മൃഗ സംരക്ഷണ രംഗത്ത് സർക്കാർ വിഭാവനം ചെയ്തിട്ടുള്ളത്. പഞ്ചായത്തിന്റെ ഭൂമിശാസ്ത്രപരമായ പ്രത്യേകതകളും ജൈവവൈവിധ്യവും ഉപയോഗപ്പെടുത്താവുന്ന തരത്തിൽ അനുയോജ്യമായ പദ്ധതികൾ നടപ്പിലാക്കാൻ, വിശദമായ പഠനത്തിനു ശേഷം ഉൽപ്പാദനപരമായ പ്രൊജക്ടുകൾ, അതത് രംഗത്തെ വിദഗ്ധരുടെ സഹായത്തോടുകൂടി തയ്യാറാക്കി നടപ്പിലാക്കേണ്ടതുമാണ്. കാർഷിക രംഗത്ത് വളരെയധികം മുന്നേറിക്കൊണ്ടിരിക്കുന്ന വിളയൂർ പഞ്ചായത്തിന്റെ ഒട്ടേറെ പ്രദേശങ്ങൾ കന്നുകാലി വളർത്തലിനു അനുയോജ്യമാണെന്നിരിക്കെ ഈ മേഖലയെ ഉപയോഗപ്പെടുത്താതിരിക്കുന്നത് പഞ്ചായത്തിന്റെ സർവ്വതോന്മുഖമായ സാമ്പത്തിക വളർച്ചയെ ബാധിക്കുമെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

2016-17 സാമ്പത്തിക വർഷത്തിൽ, ഒരു പ്രൊജക്ട് മാത്രമാണ് പഞ്ചായത്ത് ത് നടപ്പിലാക്കിയത്. തെരുവു നായ പ്രജനന നിയന്ത്രണ പദ്ധതി നിർവ്വഹണത്തിനു വേണ്ടി (പ്രൊജക്ട് നമ്പർ 35/17) 350000 രൂപ ജില്ലാ പഞ്ചായത്ത് സെക്രട്ടറിക്ക് കൈമാറുക എന്ന പ്രവൃത്തി മാത്രമാണ് നിർവ്വഹണോദ്യോഗസ്ഥൻ തൻ വർഷം ചെയ്തിട്ടുള്ളത്.

ആയതിനാൽ പഞ്ചായത്തിന്റെ ഭൂപ്രകൃതിക്ക് അനുയോജ്യമാംവിധത്തിലുള്ള പ്രൊജക്ടുകൾ മൃഗസംരക്ഷണ മേഖലയിൽ നിന്നും തയ്യാറാക്കി നടപ്പിലാക്കാൻ പ്രത്യേക പരിഗണന നൽകേണ്ടതുണ്ട്. ഈ രംഗത്തെ വിദഗ്ധരടങ്ങുന്ന വ്യക്തികളെ ഫലപ്രദമായും ക്രിയാത്മകമായും സംഘടിപ്പിക്കുകയും ലഭ്യമായ പ്രകൃതി വിഭവങ്ങൾ ഉപയോഗപ്പെടുത്തി മൃഗസംരക്ഷണ- ക്ഷീര വികസന രംഗത്ത് വൈവിധ്യമാർന്ന പ്രൊജക്ടുകൾ തയ്യാറാക്കി നടപ്പിലാക്കുവാനും പഞ്ചായത്ത് ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധയുണ്ടാകേണ്ടതുണ്ട്.

3-3 കാർഷിക രംഗത്ത് വിളയൂരിന്റെ മുന്നേറ്റം ശ്ലാഘനീയം.

ജൈവകൃഷി രീതികൾക്ക് ഗൗരവമേറിയ പ്രാധാന്യം നൽകുന്ന പഞ്ചായത്ത്, വിഷരഹിതമായ കാർഷിക ഉൽപ്പന്നങ്ങൾ വിളയിച്ചെടുക്കാനുള്ള പ്രവർത്തനങ്ങളിൽ ബഹുദൂരം മുന്നോട്ട് പോയിട്ടുണ്ട്.

17.78 ച.കി.മീ വിസ്തൃതിയുള്ളതാണ് ഈ പഞ്ചായത്ത്. പഞ്ചായത്തിന്റെ 15% പ്രദേശത്തും ഫലഭൂയിഷ്ഠമായ പശിമരാശി മണ്ണാണ്. മൂന്ന് വിളകളിലായി 619 ഹെക്ടർ നെല്ലും, 20 ഹെക്ടറിൽ പയറും, 15 ഹെക്ടറിൽ എള്ളും, 40 ഹെക്ടറിൽ പച്ചക്കറിയും, 335 ഹെക്ടറിൽ തെങ്ങും, 40 ഹെക്ടറിൽ വാഴയും, 35 ഹെക്ടറിൽ മരച്ചീനിയും, 22 ഹെക്ടറിൽ കുരുമുളകും, 2 ഹെക്ടറിൽ പ്ലാവും, 65 ഹെക്ടറിൽ കശുമാവും, 150 ഹെക്ടറിൽ റബ്ബറും, 65 ഹെക്ടറിൽ മാവും, 145 ഹെക്ടറിൽ കവുങ്ങുമാണ് ഈ പഞ്ചായത്തിൽ കൃഷി ചെയ്യപ്പെടുന്ന പ്രധാന വിളകൾ. നെല്ല്, തെങ്ങ്, കവുങ്ങ് തുടങ്ങിയവയാണ് പ്രധാന വിളകൾ.പഞ്ചായത്തിലൂടെ ഒഴുകുന്ന കുന്തിപ്പുഴയും, 215 കുളങ്ങളും എൽ.ഐ.എസ് തുടിക്കൽ കനാലുമാണ് വിളയൂരിന്റെ പ്രധാന ജലസ്രോതസ്സുകൾ. കൃഷിയാവശ്യങ്ങൾക്ക് ഈ ജലസ്രോതസ്സുകൾ വേണ്ടവിധം പരിപാലിച്ച് ഉപയോഗപ്പെടുത്തുന്നതിലൂടെ കാർഷികമേഖലയുടെ സമഗ്രമായ പുരോഗതിക്കുള്ള പ്രവർത്തനങ്ങൾ സജീവമായി മുന്നേറുന്നു.

2016-17 സാമ്പത്തിക വർഷത്തിൽ, കാർഷിക മേഖലയിലെ വൈവിധ്യമാർന്ന പ്രവർത്തനങ്ങൾക്കു വേണ്ടി വിവിധ ഫണ്ടിനങ്ങളിൽ നിന്ന് 3192549 രൂപ വകയിരുത്തുകയും, 1987249 രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. തൻവർഷം ആകെ നടപ്പാക്കിയ 8 പ്രൊജക്ടുകളിൽ, 4 പ്രൊജക്ടുകളും , ജൈവകൃഷി മേഖലയിലാണ് നിർവ്വഹിക്കപ്പെട്ടിരിക്കുന്നത്.

വർഷം മുഴുവനും വിഷരഹിത പച്ചക്കറി കൃഷി എന്നതാണ് പഞ്ചായത്തിന്റെ പ്രധാനലക്ഷ്യം. കാലാവസ്ഥയ്ക്കനുയോജ്യമായ വ്യത്യസ്തമായ കൃഷിരീതികളാണ് പഞ്ചായത്ത് നടപ്പിലാക്കുന്നത്. യുവാക്കൾ മുതൽ സ്ത്രീകൾവരെ കൃഷിയിൽ സജീവമാണ്. ഇതിന്റെ ഫലമായിട്ടാണ് സംസ്ഥാന കാർഷികവികസന കർഷകക്ഷേമവകുപ്പ് എർപ്പെടുത്തിയ മികച്ച സമ്പൂർണ ജൈവപഞ്ചായത്തിനുള്ള അവാർഡ് വിളയൂരിന് ലഭിച്ചത്.

കഴിഞ്ഞ ഒരു വർഷമായി 15 എക്കറോളം തരിശു ഭൂമിയിൽ പച്ചക്കറി കൃഷി ഇറക്കിക്കഴിഞ്ഞു. 200 എക്കറോളം സ്ഥലത്ത് പച്ചക്കറിക്കൃഷി നടപ്പാക്കുവാനായി കർഷകർ, കുടുംബശ്രീകൾ, തൊഴിലുറപ്പ് തൊഴിലാളികൾ, സന്നദ്ധ സംഘടനകൾ, വാട്ടസ് അപ്പ് കൂട്ടായ്മകൾ തുടങ്ങിയ എല്ലാ വിഭാഗക്കാരും ഒറ്റക്കെട്ടായിപ്രവർത്തിച്ചുകൊണ്ടിരിക്കുന്നു.
കഴിഞ്ഞ വേനലിൽ വിഷുവിന് വിഷരഹിത ജൈവ പച്ചക്കറി പദ്ധതിയിൽ ഉൾപ്പെടുത്തി 75 ഹെക്ടർ സ്ഥലത്ത് ജൈവ പച്ചക്കറി കൃഷി നടപ്പാക്കിയിട്ടുണ്ട്.
തുടർന്ന് ഓണത്തിന് ഓണസമൃദ്ധി എന്ന പേരിലും ജൈവ പച്ചക്കറി കൃഷി നടപ്പാക്കി. ഓണക്കാലത്ത് 10 ദിവസം നീണ്ടുനിന്ന വിപണനമേളയും ഒരുക്കിയിരുന്നു.
രണ്ട് ജൈവ ക്ലസ്റ്ററുകൾ, മഴമറ കൃഷി, ശീതകാല പച്ചക്കറി കൃഷി, റോഡരികിൽ പച്ചക്കറി

കൃഷി തുടങ്ങിയ ഒട്ടേറെ പദ്ധതികളും പഞ്ചായത്തിൽ നടപ്പാക്കിയിരുന്നു.
ജൈവ ക്ലസ്റ്റർ പദ്ധതിയുടെ രണ്ടാംഘട്ടം ഇപ്പോൾ പഞ്ചായത്തിൽ പുരോഗമിക്കുകയാണ്. സുരക്ഷിത വിഭാഗത്തിലും കൃഷി നടത്തുന്നുണ്ട്. ഈ സാമ്പത്തിക വർഷം 240200 രൂപ പച്ചക്കറി കൃഷിക്കായി പഞ്ചായത്ത് നീക്കിവെച്ചിട്ടുണ്ട്. കൃഷി വകുപ്പ് മുഖേനയുള്ള ഫണ്ടുകൾ വേറെയുമുണ്ട്.

കർഷകരുടെ ഉൽപ്പന്നങ്ങൾ ശാസ്ത്രീയമായ രീതിയിൽ സംഭരിക്കാനും, ന്യായമായ വിപണന സംവിധാനമൊരുക്കാനും വേണ്ടി സജീവമായി ഇക്കോഷോപ്പ് പ്രവർത്തിക്കുന്നു. വിഷരഹിതമായ നാടൻ പച്ചക്കറികൾ ന്യായമായ വിലയ്ക്ക് ഗുണഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിൽ ഇക്കോ ഷോപ്പ് നിർണ്ണായകമായ പങ്ക് വഹിക്കുന്നുണ്ട്. നാടൻ കാർഷികോൽപ്പന്നങ്ങൾക്ക് പുതിയ വിപണന രീതികൾ പരീക്ഷിക്കുന്നതിന്റെ ഭാഗമായി ഈയടുത്ത കാലത്ത് പഞ്ചായത്ത് സംഘടിപ്പിച്ച കപ്പ ഫെസ്റ്റ് വ്യാപകമായ വാർത്താ പ്രാധാന്യം നേടിയിരുന്നതും ശ്രദ്ധേയമാണ്.

3-4 ഗ്രാമപഞ്ചായത്ത് വാഹനം - ലോഗ് ബുക്ക് അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിൽ അപാകം

ഗ്രാമപഞ്ചായത്ത് വക വാഹനത്തിന്റെ (KL 52 എഫ് 1508 Belero) ലോഗ് ബുക്കും അനുബന്ധ രേഖകളും കൃത്യമായി സൂക്ഷിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിൽ വാഹനത്തിന്റെ കൺട്രോളിംഗ് ഓഫീസറായ സെക്രട്ടറി വീഴ്ചവരുത്തിയിട്ടുള്ളതായി പരിശോധനയിൽ കാണുന്നു. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ വാഹന ഉപയോഗവുമായി ബന്ധപ്പെട്ട് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗരേഖയിലെ (സ.ഉ.(എം.എസ്.)നം. 170/07/ത.സ്വ.ഭ.വ., തീ. 30.06.07) നിർദ്ദേശങ്ങൾ ഒന്നുതന്നെ ഗ്രാമപഞ്ചായത്ത് വാഹനത്തിന്റെ ഉപയോഗത്തിൽ പാലിച്ചിട്ടില്ല. ലോഗ് ബുക്ക് പരിശോധിച്ചതിൽ വാഹനത്തിൽ ഇന്ധനം നിറയ്ക്കുന്നതിന്റെ വിവരം കൃത്യമായി രേഖപ്പെടുത്തുന്നില്ലെന്ന് കാണുകയുണ്ടായി. വാഹന ഉപയോഗവുമായി ബന്ധപ്പെട്ട ചെലവുകൾ മറ്റ് വിവരങ്ങളും നിരീക്ഷിക്കുന്നതിന് ഗ്രാമപഞ്ചായത്തിൽ ഒരു ഫയൽ നിലവിലില്ല. ലോഗ് ബുക്കിന് പുറമേ സൂക്ഷിക്കേണ്ടതായ താഴെ പറയുന്ന രജിസ്റ്ററുകളും തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

- ഡീസൽ, ഓയിൽ എന്നിവയ്ക്കുള്ള ഓർഡർ ബുക്ക്
- റിപ്പയർ രജിസ്റ്റർ
- സ്റ്റോക്ക് രജിസ്റ്റർ
- ഇന്ധനത്തിന്റേയും എണ്ണയുടെയും ഉപയോഗം കാണിക്കുന്ന ഫ്യുവൽ രജിസ്റ്റർ

ഇന്ധന ഉപയോഗത്തിന്റെ കൃത്യത ഉറപ്പുവരുത്തുന്നതിന് കസ്റ്റോഡിയൻ ഓഫീസർ നാളിതുവരെ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. ആറു മാസത്തിലൊരിക്കൽ വാഹനത്തിന്റെ ഫ്യുവൽ കൺസംപ്ഷൻ ടെസ്റ്റ് സർക്കാരിന്റെ മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ടുമെന്റിലെ ക്ഷമതയുള്ള ഉദ്യോഗസ്ഥനെക്കൊണ്ട് നടത്തിക്കേണ്ടതും ഇന്ധന ഉപയോഗത്തെ സംബന്ധിച്ച് ഒരു സർട്ടിഫിക്കറ്റ് ആ ഉദ്യോഗസ്ഥൻ ലോഗ് ബുക്കിൽ രേഖപ്പെടുത്തേണ്ടതുമാണ്. എന്നാൽ ജൂൺ 2013 ൽ വാങ്ങിയ വാഹനത്തിന്റെ ഫ്യുവൽ കൺസംപ്ഷൻ ടെസ്റ്റ് കൃത്യമായ ഇടവേളകളിൽ നടത്തുന്നില്ല. വാഹനത്തിന്റെ ലോഗ് ബുക്ക് മാസാന്ത്യ/വർഷാന്ത്യ ക്ലോസിംഗ് നടത്തി ഉപയോഗിച്ച ഇന്ധനത്തിന്റെയും, ഓടിയ ദൂരത്തിന്റെയും കണക്കുകൾ തയ്യാറാക്കി ഇന്ധന ഉപയോഗത്തിന്റെ കൃത്യത കസ്റ്റോഡിയൻ ഓഫീസർ ഉറപ്പുവരുത്തിയിട്ടില്ല.

അപാകതകൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. മാർഗ്ഗരേഖയിൽ നിഷ്കർഷിച്ചിട്ടുള്ള പ്രകാരം കസ്റ്റോഡിയൻ ഓഫീസർ ഇടയ്ക്കിടെ ലോഗ് ബുക്ക് പരിശോധിക്കേണ്ടതും വാഹനത്തിന്റെ ഉപയോഗം ക്രമപ്രകാരമാണെന്ന് ബോദ്ധ്യപ്പെടേണ്ടതും, പരിശോധിച്ച വിവരം അതിൽ രേഖപ്പെടുത്തേണ്ടതുമാണ്. വാഹന ഉപയോഗവുമായി ബന്ധപ്പെട്ട ചെലവുകൾ നിരീക്ഷിക്കുന്നതിന് ഉതകുന്ന രീതിയിൽ ഒരു ഫയൽ തയ്യാറാക്കി സൂക്ഷിക്കേണ്ടതും അടുത്ത ഓഡിറ്റിൽ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

3-5 അംഗൻ വാട് കളുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കണം

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 22.3.2011 ലെ 31055/ഡി.സി.2/2011.ത.സ്വ.ഭ.വ നമ്പർ സർക്കുലറിലെ ഖണ്ഡിക (സി) പ്രകാരം എല്ലാ വർഷവും മെയ് 10 -നകം തദ്ദേശ സ്ഥാപനത്തിന്റെ എഞ്ചിനീയർ/ ഓവർസിയർ വാടക കെട്ടിടങ്ങൾ ഉൽപ്പെടെയുള്ള എല്ലാ അംഗൻവാടികളും സന്ദർശിക്കേണ്ടതും പരിശോധിച്ച് ഫിറ്റ്നസ്സ് നൽകേണ്ടതുമാണ്.

യാതൊരു കാരണ വശാലും സുരക്ഷിതത്വമില്ലാത്ത കെട്ടിടങ്ങളിൽ അംഗൻവാടികളിൽ പ്രവർത്തിപ്പിക്കാൻ പാടില്ല. മതിയായ സുരക്ഷിതത്വം ഇല്ലാത്ത പക്ഷം നിശ്ചയിക്കപ്പെട്ടിട്ടുള്ള സുരക്ഷാ സംവിധാനങ്ങൾ തദ്ദേശ ഭരണ സ്ഥാപനം/ കെട്ടിടമുടമ ഏർപ്പെടുത്തേണ്ടതാണ്. ഇപ്രകാരം സുരക്ഷാ നടപടികൾ സ്വീകരിക്കാൻ കഴിയുകയില്ലെങ്കിൽ സുരക്ഷിതമായ മറ്റൊരു സ്ഥലത്തേക്ക് അംഗൻവാടി മാറ്റി പ്രവർത്തിപ്പിക്കേണ്ടതാണ്.

അംഗൻവാടികളുടെ സുരക്ഷ ഉറപ്പാക്കുന്നതിനാവശ്യമായ അറ്റകുറ്റപ്പണികൾ നടത്തുന്നതിനായി തദ്ദേശ സ്ഥാപനത്തിന്റെ അധ്യക്ഷൻ എല്ലാ വർഷവും മാർച്ച് മാസം അവസാനം ഐ.സി.ഡി.എസ്. സൂപ്പർവൈസർ, അംഗൻവാടി പ്രവർത്തകർ വിലയരുത്തേണ്ടതും വ്യക്തവും സമയബന്ധിതവുമായ ആക്ഷൻ പ്ലാൻ തയ്യാറാക്കേണ്ടതുമാണ്. മെയ് 30- നകം ഫിറ്റ്നസ്സ് ഉറപ്പാക്കുകയും വേണം.

ആയതിനാൽ അംഗൻവാടി കെട്ടിടങ്ങൾ പൂർണ്ണമായും സുരക്ഷിതമാണെന്ന് ഉറപ്പു വരുത്താനുള്ള നടപടികൾ പഞ്ചായത്തും നിർവ്വഹണോദ്യോഗസ്ഥയും സ്വീകരിക്കേണ്ടതാണ്. സാങ്കേതിക വിഭാഗത്തിൽ നിന്ന് ഫിറ്റ്നസ്സ് സാക്ഷ്യപത്രം ലഭ്യമാക്കുന്നതിനും, പ്രത്യേകം ശ്രദ്ധനൽകേണ്ടതും, ആയവ പരിശോധയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

3-6 സാക്ഷരത പ്രേരക് മാർക്ക് തനതുഫണ്ടിൽ നിന്ന് നൽകിയ മാനവേതനം സാക്ഷരതാ മിഷനിൽ തിരികെ ലഭിച്ചില്ല

2016-17 സാമ്പത്തിക വർഷത്തിൽ സാക്ഷരത പ്രേരക് മാർക്ക് ഗ്രാമ പഞ്ചായത്തിന്റെ തനതു ഫണ്ടിൽ നിന്നും നൽകിയ 108140 രൂപ (ഓഡിറ്റന്വേഷണം 2/24-7-2017 ന് സെക്രട്ടറി ലഭ്യമാക്കിയ മറുപടി പ്രകാരം) ഓണറേറിയം ജില്ലാ സാക്ഷരത മിഷനിൽ നിന്നും യഥാസമയം ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് .

3-7 ദേശീയ തൊഴിലുറപ്പ് പദ്ധതി - 12/2017 മുതലുള്ള തൊഴിൽകൂലി അനുവദിച്ചിട്ടില്ല

തൊഴിലുറപ്പ് പദ്ധതി ആക്ട് സെക്ഷൻ 3 (3), തദ്ദേശസ് വയംഭരണ വകുപ്പിൻെറ 06.02.15.ലെ സർക്കുലർ നമ്പർ 66791/ഡി.ഡി.2/14, തൊഴിലുറപ്പ് പദ്ധതി മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പ്രകാരം തൊഴിലാളികൾക്ക് കൂലി ആഴ്ചയിൽ ഒരു ദിവസം നൽകേണ്ടതും ഒരു കാരണവശാലും മസ്റ്റർറോൾ ക്ലോസ്സ് ചെയ്ത തിയ്യതി മുതൽ 15 ദിവസത്തിൽ അധികരിക്കുവാൻ പാടില്ലാത്തതുമാണെന്നും നിശ്ചിത നാൾക്കകം കൂലി ലഭ്യമാക്കിയില്ലെങ്കിൽ കാലതാമസം വരുന്ന ഓരോ ദിവസത്തിനും 0.05% നിരക്കിൽ നഷ്ടപരിഹാരം നൽകേണ്ടതുമാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്.

എന്നാൽ ഗ്രാമപഞ്ചായത്തിൽ 2016 ഡിസംബർ മുതൽ 2017 മാർച്ച് വരെയുള്ള കാലയളവിൽ ചെയ്ത പ്രവൃത്തികളുടെ കൂലിയിനത്തിൽ ആകെ 5675170/രൂപ തൊഴിലാളികൾക്ക് നല്കുവാൻ കുടിശ്ശികയുണ്ട്. ഇനം തിരിച്ചുള്ള വിവരം താഴെ ചേർക്കുന്നു

ഐ.എ.വൈ.ഭവനനിർമ്മാണം	232800
തോടുകളുടെ പുനരുദ്ധാരണം	102900
കിണർ നിർമ്മാണം	1809300
കുളംനിർമ്മാണം	242060
ഭൂവികസന പ്രവർത്തനങ്ങൾ	3084025
കുളങ്ങളുടെ പുനരുദ്ധാരണം	204085
ആകെ	5675170

കേന്ദ്ര സർക്കാരിൽ നിന്നും ഫണ്ട് ലഭ്യമാകാത്തതിനാലാണ് തുക നൽകുവാൻ കഴിയാത്തത് എന്നാണ് ഗ്രാമപഞ്ചായത്ത് അറിയിച്ചത്. കുടിശ്ശികവേതനം തൊഴിലാളികൾക്ക് ലഭ്യമാക്കുവാനാവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

3-8 സേവിങ്ങ്സ് ബാങ്ക് അക്കൗണ്ടിലെ നീക്കിയിരുപ്പ് തുക തിരിച്ചടക്കേണ്ടതാണ്

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറുടെ പേരിൽ കരിങ്ങനാട് കനറാ ബാങ്ക് ശാഖയിലെ 1740101014156 നമ്പർ സേവിങ്ങ്സ് ബാങ്ക് അക്കൗണ്ടിൽ സമ്പൂർണ ശുചിത്വത്തിനായുള്ള കേന്ദ്രഫണ്ടിനത്തിൽ ഇനി ചെലവഴിക്കാൻ കഴിയാതെ ബാക്കി വന്ന 46578 രൂപ സർക്കാരിലേക്ക് തിരിച്ചടച്ച് വിവരം അറിയിക്കേണ്ടതാണ്.

3-9 കുടുംബശ്രീ അക്കൗണ്ടിൽ ചെലവഴിക്കാതെ കിടക്കുന്ന പദ്ധതി പണം സർക്കാരിലേക്ക് തിരിച്ചടക്കേണ്ടതാണ്

ഗ്രാമ പഞ്ചായത്തിലെ കുടുംബശ്രീയുടെ സേവിങ്ങ്സ് ബാങ്ക് അക്കൗണ്ടുകളിൽ 2005-06 ലെ കേരള വികസന പദ്ധതി പ്രകാരം ലഭിച്ച ജില്ല പഞ്ചായത്ത് പ്ലാൻ ഫണ്ട് വിഹിതമായ 585337/-രൂപ നാളിതു വരെ ചെലവഴിച്ചിട്ടില്ലാത്തതിനാലും അന്നത്തെ പദ്ധതി പ്രകാരം ഇനി ചെലവഴിക്കാനാവാത്തതിനാലും ടി തുക അടിയന്തരമായി സർക്കാരിലേക്ക് തിരിച്ചടക്കേണ്ടതാണ്, കൂടാതെ ആശ്രയ ഒന്നാം ഘട്ടത്തിനുള്ള ചെലവഴിക്കാതെ ബാക്കി നിൽക്കുന്ന പഞ്ചായത്ത് വിഹിതമായ (നിലവിൽ രണ്ടാം ഘട്ടമാണ് നടന്ന് കൊണ്ടിരിക്കുന്നത്) 376885/- രൂപയും, സ്പെഷ്യൽ അസിസ്റ്റൻസ് ഫണ്ടിലെ 98790 രൂപയും സർക്കാരിലേക്ക് തിരിച്ചടക്കേണ്ടതാണ്.

3-10 THRS ലാബ് റിപ്പോർട്ട് ലഭ്യമാക്കാൻ നടപടി സ്വീകരിക്കണം

ഗ്രാമപഞ്ചായത്തിലെ അങ്കണവാടികളിലെ കുട്ടികൾക്ക് വിതരണം ചെയ്യുന്നതിനായി വാങ്ങുന്ന ഭക്ഷ്യമിശ്രിതം ഒാരോ രണ്ട് മാസത്തിലും ന്യൂട്രിമിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനക്ക് വിധേയമാക്കാനും ഒാരോ കുടുംബശ്രീ യൂണിറ്റിൽ നിന്നും ഓരോ ബാച്ച് പ്രൊഡക്ഷന്റേയും സാമ്പിൾ ശേഖരിച്ച് പരിശോധനക്ക് വിധേയമാക്കുവാനും എെ.സി.ഡി.എസ്.ബി.3-312/2010 തിയ്യതി 5.6.2010, 1.2.2010 തിയ്യതികളിലെ കത്തുകളിൽ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ സർക്കുലറിലെ നിർദ്ദേശ പ്രകാരം നിശ്ചിത സമയ പരിധിയിൽ പരിശോധന നടത്തുകയോ റിപ്പോർട്ട് ലഭ്യമാക്കുകയോ ചെയ്യുന്നില്ല. ആയതിനാൽ ഈ വിഷയത്തിൽ മേൽ പറഞ്ഞ സർക്കുലറിലെ നിർദ്ദേശങ്ങൾ പാലിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

ഭാഗം -4

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

വർഷം	ലഭിച്ച തുക	പ്രോജക്ടിന്റെ പേര്/നം.	ചെലവ്	ബാക്കി
2016-17	510000 (ജില്ലാ പഞ്ചായത്ത് വിഹിതം)	സമഗ്ര നെൽകൃഷി വികസന പദ്ധതി (14/17)	510000	0
	285000 (ജില്ലാ പഞ്ചായത്ത് വിഹിതം)	സമൃദ്ധി (131/15-16)	285000	0

4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

തൻവർഷം താഴെപറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് പ്രവൃത്തികൾ നിർവ്വഹിക്കുന്നതിന് തുക നൽകിയിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

സ്ഥാപനം	പ്രവൃത്തിയുടെ പേര്	ചെക്ക് നം/ ഡി.ഡി.നം	മുൻകൂർ നല്കിയ തുക	ചെലവഴിച്ച തുക	ചെലവഴിക്കാൻ ബാക്കിയുള്ള തുക
KSEB	ചക്കുംപുറമ്പ് കുടിവെള്ള പദ്ധതിയ്ക്ക് ത്രീ ഫേസ് ലൈൻ നീട്ടൽ	1811538 (ട്രഷറി)	64800	--	വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല
--Do--	SG നഗർത്രീ ഫേസ് ലൈൻ നീട്ടൽ	1811529 (ട്രഷറി)	--	--	--do--

4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഒന്നുമില്ല

4-4 വായ്പ/ വായ്പ തിരിച്ചടവ്

ഉദ്ദേശം	ഉത്തരവ്	വായ്പ ത്തുക	മുന്നിരിപ്പ്	തൻവർഷം തിരിച്ചടച്ച തുക		വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള തുക
				മുതൽ	പലിശ	
EMSലോൺ	GO(Ord) No.799/2010 dt.9-3-2010	12799500	913718	913718	849181	0

4-5 സ്ഥിരനിക്ഷേപങ്ങൾ

ഒന്നുമില്ല

4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

റിപ്പോർട്ട് വർഷം	ഭാഗം/ ഖണ്ഡിക	ഈടാക്കിയ തുക	ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും	രശീത്/ചലാൻ നം. തിയ്യതി
1997-98	3-11	7149	സരിത.കെ.എ, മുൻ അസി.എഞ്ചിനീയർ	11602100848/7-7-16

4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ഓഡിറ്റ് വർഷം	ഖണ്ഡിക	സമാഹൃത റിപ്പോർട്ട് വർഷം	ഖണ്ഡിക	വിഷയം	ഇപ്പോഴത്തെ അവസ്ഥ

1997-98	39(1)	2001-02	5-9-1	റോഡ് പണി ഭാഗികമായി അവസാനിച്ചു	അന്തിമ തീരുമാനമായിട്ടില്ല
		2012-13		MGNREGS സ്പെഷൽ റിപ്പോർട്ട്	---ടി---

4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ)	36595347
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	29585573
വരവിനങ്ങളിലുള്ള നഷ്ടം	ഒന്നുമില്ല
ചെലവിനങ്ങളിലുള്ളനഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	ഒന്നുമില്ല
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	ഒന്നുമില്ല

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഒന്നുമില്ല

(സി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഡി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഒന്നുമില്ല

(ഇ) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഒന്നുമില്ല

4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

1996-97	LFP10-170/99/24.9.09	മുഴുവനും
1997-98	LFP10-420/99/09.02.2001	-do-
1998-99	LFP 8653/01/7-12-2001	-do-
1999-00	LFP 886(1)/14/17-11-2014	-do-
2000-01	LFP 886(2)/14/15-11-2014	-do-
2001-02	LFP 8-86(3)/14/7-10-14	-do-
2002-03	LFP 886(4)/14/9-10-14	-do-
2003-04	LFP 886(5)/14/9-10-14	-do-
2004-05	LFP 886(6)/14/20-2-14	-do-
2005-06	LFP 886(7)/14/14-2-14	-do-
2006-07	LFP 886(8)/14/20-2-14	-do-
2007-08	LFP 886(9)14/ 14-2-14	-do-
2008-09	LF P 13-77/13/ 19-2-2013	-do-
2009-10	LF P 13-77/13/ 19-2-2013	-do-
2010-11	LFP 13-77/13/ 19-2-2013	-do-
2011-12	LFP 13/2025/14/4-3-2015	-do-

2012-13	LFP 13/883/15/20-8-2015	-do-
2013-14 2014-15	KSA-PKD13/1389/16	-do-
2015-16	KSA-PKD/13/2144/2017 dt.21-1-2017	

അവശേഷിക്കുന്ന റിപ്പോർട്ടികളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

1
അനുബന്ധം

നം. കെ.എസ്.എ-പികെഡി13/1591/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്
തീയതി – 11.09.2017

ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215 വകുപ്പ്, ബന്ധപ്പെട്ട ചട്ടങ്ങൾ ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും പാലക്കാട് ജില്ലയിലെ വിളയൂർ ഗ്രാമ പഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ വിളയൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 ലെ വാർഷിക ധനകാര്യപത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

<u>ന്യൂനതകളുടെ സംഗ്രഹം</u>

1. കെട്ടിടനികുതി വിശദാംശങ്ങൾ വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.
2. ആസ്തി രജിസ്റ്റർ സാംഖ്യയുമായി ബന്ധിപ്പിച്ചിട്ടില്ല.

ഡെപ്യൂട്ടി ഡയറക്ടർ

No. KSA-PKD13/1591/2017

Kerala State Audit Department
District Audit Office
Palakkad
Dated – 11.09.2017

Audit Certificate

Certified that I have examined the Annual Financial Statement of VILAYUR GRAMA PANCHAYATH for the year ended 31.03.16 in Palakkad District in accordance with section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayath Raj Act 1994 , the rules made thereunder and the guidelines issued by the Comptroller and Auditor General of India for the Certification of Accounts of Panchayath Raj Institutions.

In my opinion the financial statements of VILAYUR GRAMA PANCHAYATH prepared in accordance with Section Section 215 of the Kerala Panchayath Raj Act 1994 and Go(P) No 319/2003/Fin. Dated 12.06.13, for the year 2015 -2016 properly presents the picture of income, expenditure and closing balance except for the defects pointed in this certificate.

Deputy Director

Abstract of defects

1. The details of accounts of building tax as per demand register is not reconcilled with the annual financial statement submitted for audit.
2. The value of movable and immovable assets during the period prior to conversion to accrual system not added to the value of assets as per the current balance sheet.

Deputy Director